c-court

**ജില്ലാ കോടതി, തൃശ്ശൂർ**

**അയ്യന്തോൾ പി.ഒ., ഫോൺ – 0487 – 2360248.**

നമ്പർ. A1- 1253/2026. തിയ്യതി, 30.09.2026.

**ക്വട്ടേഷൻ നോട്ടീസ്**

ക്വട്ടേഷൻ നമ്പർ /2026-27.

തൃശ്ശൂർ ജില്ലാ കോടതി സമുച്ചയത്തിൽ കാന്റീൻ നടത്തുന്നതിന് താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ **22.10.2026** തിയ്യതിക്കു മുമ്പ് ജില്ലാ ജഡ്ജ്, ജില്ലാ കോടതി, തൃശ്ശൂർ – 680 003 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

ക്വട്ടേഷൻ സമർപ്പിച്ച വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ **26.10.2026** ന് പകൽ കൃത്യം 3 മണിക്ക് തുറക്കുന്നതാണ്. വ്യവസ്ഥ പ്രകാരമുള്ള വിഭവങ്ങൾ ഉന്നത നിലവാരമുള്ളതും, ന്യായമായ വിലയും കോട്ട് ചെയ്യുന്ന ആളിന്/സ്ഥാപനത്തിന് കാന്റീൻ നടത്തുന്നതിനുള്ള അനുവാദം നൽകുന്നതായിരിക്കും. മുൻപ് കാന്റീൻ നടത്തി പരിചയമുണ്ടെങ്കിൽ അത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിചയവും, പരിഗണിക്കുന്നതായിരിക്കും. ക്വട്ടേഷൻ സ്വീകരിച്ച് സ്ഥിരപ്പെടുത്തി അറിയിപ്പ് കിട്ടുന്നവർ ₹ 10,000/- (ആകെ പതിനായിരം രൂപ മാത്രം) സെക്യൂരിറ്റി ഡെപ്പോസിറ്റും, മുൻകൂർ വാടക P.W.D. ബിൽഡിംഗ്സ് വിഭാഗം നിശ്ചയിച്ച ₹4,343/- പ്രതിമാസം ജില്ലാ കോടതിയിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. വൈദ്യുതി ചാർജ് K.S.E.B. യിൽ നിന്നും ലഭിക്കുന്ന ബില്ലിനനുസരിച്ചുള്ള തുകയും അടക്കാമെന്ന് മുദ്രപത്രത്തിൽ ബോണ്ടും നൽകേണ്ടതാണ്. കാന്റീൻ നടത്തുന്നതിനാവശ്യമായ ലഭ്യമായ മുഴുവൻ പാത്രങ്ങൾ, ഗ്ലാസ്സുകൾ, ഫർണ്ണീച്ചറുകൾ, അടുക്കള ഉപകരണങ്ങൾ എന്നിവ സ്വന്തം ചെലവിൽ കൊണ്ടുവരേണ്ടതും, പുതിയ Electricity Connection, Water Connection എന്നിവ സ്വന്തം ചെലവിൽ എടുക്കേണ്ടതും ആയതിന്റെ ചാർജ്ജുകൾ ബില്ലുകൾ വരുന്ന മുറയ്ക്ക് അടയ്ക്കേണ്ടതുമാകുന്നു. ആയതിന് ഡെപ്പോസിറ്റ് തുക കാലാവധി തീരുമ്പോൾ തിരികെ നൽകുന്നതായിരിക്കും. ക്വട്ടേഷൻ കാലാവധിക്കുള്ളിൽ വരുന്ന മെയിന്റനൻസ് കോൺട്രാക്ടർ വഹിക്കേണ്ടതാണ്.

ജില്ലാ ജഡ്ജ് നിർദ്ദേശിക്കുന്ന തിയ്യതി മുതൽ കാന്റീൻ തുറന്ന് പ്രവർത്തിക്കേണ്ടതാണ്. ക്വട്ടേഷൻ കവറിന് പുറത്ത് **ജില്ലാ കോടതി സമുച്ചയം കാന്റീൻ ക്വട്ടേഷൻ** എന്ന് വ്യക്തമായി എഴുതിയിരിക്കണം. സമർപ്പിക്കുന്ന ക്വട്ടേഷനിൽ വിതരണം ചെയ്യുന്ന വിഭവങ്ങളുടെ അളവും വിലയും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങളും വ്യവസ്ഥകളും തൃശ്ശൂർ ജില്ലാ കോടതി ഓഫീസിൽ നിന്നും എല്ലാ പ്രവൃത്തി ദിവസവും ലഭിക്കുന്നതാണ്. കോടതി ജീവനക്കാർക്ക് 40% വിലക്കുറവിൽ എല്ലാ ഭക്ഷണ പദാർത്ഥങ്ങളും നല്കേണ്ടതാണ്. വിലക്കുറവിന്റെ കാര്യത്തിൽ സാഹചര്യങ്ങൾക്കനുസരിച്ച് Variation വരുത്തുന്നതിന് Negotiation അനുവദനീയമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും, തള്ളിക്കളയുന്നതിനുമുള്ള അധികാരം ജില്ലാ ജഡ്ജിൽ നിക്ഷിപ്തമായിരിക്കും.

(ഒപ്പ്)
ജില്ലാ ജഡ്ജ്.

//ശരി പകർപ്പ്//

ഉത്തരവിൻ പ്രകാരം

**ശിരസ്തദാർ.**

പകർപ്പ്:-

1. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ.
2. തഹസിൽദാർ, തൃശ്ശൂർ താലൂക്ക്.
3. സെക്രട്ടറി, തൃശ്ശൂർ നഗരസഭ.
4. ഇ-കോർട്ട് സെക്ഷൻ, ജില്ലാ കോടതി, തൃശ്ശൂർ. (വെബ്സൈറ്റിൽ പരസ്യം ചെയ്യുന്നതിന്).
5. എ 2 സെക്ഷൻ, ജില്ലാ കോടതി, തൃശ്ശൂർ.
6. സ്റ്റോക്ക് ഫയൽ.

**ജില്ലാ കോടതി, തൃശ്ശൂർ.**

**2027 വർഷത്തേക്ക് കോടതി സമുച്ചയം കാന്റീൻ നടത്തുന്നതിനുള്ള വ്യവസ്ഥകൾ**

1. കോടതി സമുച്ചയം കാന്റീൻ നടത്തുന്നതിനുള്ള അവകാശം ഒരു വർഷത്തേക്ക് ആയിരിക്കും.

2. പ്രതിമാസ മുൻകൂർ വാടക ഓരോ മാസവും പത്താം തിയ്യതിക്കുള്ളിൽ P.W.D. ബിൽഡിംഗ്സ് നിശ്ചയിക്കുന്ന തുക ജില്ലാ കോടതി ഓഫീസിൽ അടക്കേണ്ടതാണ്.

3. വൈദ്യുതി ചാർജായി K.S.E.B. യിൽ നിന്നും ലഭിക്കുന്ന ബില്ലിനനുസരിച്ചുള്ള തുക എല്ലാ മാസവും പത്താം തിയ്യതിയ്ക്ക് മുമ്പായി മുൻകൂർ അടക്കേണ്ടതാണ്.

4. ഭക്ഷണം പാകം ചെയ്യുന്നതിന് മായം ചേർക്കാത്ത ഗുണനിലവാരമുള്ള സാധനങ്ങൾ ക്വട്ടേഷൻ പ്രകാരമുള്ള വിലപ്രകാരം ഉത്തരവാദിത്വത്തോടും, ശുചിയായും, ചൂടോട്ടു കൂടിയും നൽകേണ്ടതാണ്. പലഹാരങ്ങളും മറ്റും ഈച്ച ശല്യമില്ലാതെ ചില്ല് അലമാരയിൽ സൂക്ഷിക്കേണ്ടതാണ്. പഴകിയ ഭക്ഷണ സാധനങ്ങൾ മിക്സ് ചെയ്യുകയോ, വീണ്ടും ഉപയോഗിക്കുകയോ ചെയ്യരുത്.

5. ഭക്ഷണ സാധനങ്ങളുടെ ക്വട്ടേഷൻ പ്രകാരം അംഗീകരിച്ച വ്യക്തമായ വിലവിവര പട്ടിക പ്രദർശിപ്പിക്കേണ്ടതാണ്. സർക്കാർ അംഗീകാരമില്ലാതെ ഭക്ഷണസാധനങ്ങളുടെ വിലകൾ കൂട്ടാവുന്നതല്ല.

6. കാന്റീൻ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തിപ്പിക്കേണ്ടതാണ്. ശനിയാഴ്ചകൾ ഉൾപ്പെടെ എല്ലാ പ്രവർത്തി ദിവസങ്ങളിലും, പ്രത്യേക അവസരങ്ങളിൽ ജില്ലാ ജഡ്ജ് നിർദ്ദേശിക്കുന്ന ദിവസങ്ങളിലും കാന്റീൻ തുറന്ന് പ്രവർത്തിക്കേണ്ടതും, ശരിയായ സമയക്രമം പാലിക്കേണ്ടതുമാണ്. കോടതികളിലെ പരിപാടികൾക്ക് ഭക്ഷണം. ചായ എന്നിവ ആവശ്യപ്പെട്ടാൽ കോടതികളിൽ ഇതേ നിരക്കിൽ എത്തിക്കേണ്ടതാണ്.

7. ഒരിക്കൽ അംഗീകരിച്ച വിലകൾ കൂട്ടുവാനോ, പുനഃപരിശോധിക്കാനോ ഉള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

8. ജില്ലാ കോടതി സമുച്ചയം കാന്റീൻ പ്രവർത്തനം ജില്ലാ ജഡ്ജിന്റെ നിയന്ത്രണത്തിലായിരിക്കും. ഏതു സമയത്തും ഗുണനിലവാരം പരിശോധിക്കുന്നതിനും ശരിയായ സമയക്രമം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും ജില്ലാ ജഡ്ജിന് അധികാരമുണ്ടായിരിക്കും.

9. ജില്ലാ കോടതി സമുച്ചയം കാന്റീൻ പ്രവർത്തനം ഇടയ്ക്ക് വെച്ച് നിർത്തുന്നതോ, മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാവുന്നതോ അല്ല. കോടതിയുടെ അച്ചടക്കത്തിന് വിഘാതം വരുത്തുന്ന യാതൊരു പ്രവർത്തനത്തിലും ഏർപ്പെടുവാൻ പാടുള്ളതല്ല.

10. ജില്ലാ കോടതി സമുച്ചയം കാന്റീൻ പ്രവർത്തനം സാധന സാമഗ്രികളുടെ കേടുപാടുകൾ എന്നിവ മൂലം സർക്കാരിനുണ്ടാവുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങളും കരാറുകാരന്റെ കരുതൽ നിക്ഷേപത്തിൽ നിന്നോ, നിയമപരമായോ മറ്റ് മാർഗ്ഗങ്ങളിൽ നിന്നോ ഈടാക്കുന്നതാണ്.

11. ജില്ലാ കോടതി സമുച്ചയം കാന്റീനും പരിസരവും വൃത്തിയായും കേടുകൂടാതെയും സൂക്ഷിക്കേണ്ടതാണ്.

12. ബീഡി, സിഗരറ്റ്, മറ്റു ലഹരി പാനീയങ്ങൾ മുതലായ ശരീരത്തിന് ഹാനികരമായ യാതൊരു ഭക്ഷ്യ വസ്തുക്കളും സൂക്ഷിക്കുകയോ, വിൽപ്പന നടത്താവുന്നതോ അല്ല. കൂടാതെ ക്രിമിനൽ പശ്ചാത്തലമുള്ളവർ രാഷ്ട്രീയ പ്രവർത്തന പശ്ചാത്തലമുള്ളവർ എന്നിവരെ ജോലിക്കാരായി നിർത്തുവാനും പാടുള്ളതല്ല.

13. പാഴ് വസ്തുക്കൾ ഉചിതമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ (കമ്പോസ്റ്റ് കുഴി) കരാറുകാരൻ സ്വന്തം ചെലവിൽ തയ്യാറാക്കേണ്ടതാണ്.

14. കാന്റീൻ മുഖേന വിൽക്കുന്ന സാധനങ്ങൾ മായം ചേർക്കാത്തതും, നല്ല ഗുണനിലവാരം ഉള്ളതുമായിരിക്കണം.

15. ഭക്ഷണം പാകം ചെയ്യാനുപയോഗിക്കുന്ന ജലം, കുടിവെള്ളം എന്നിവ ശുദ്ധവും, നല്ലവണ്ണം തിളപ്പിച്ചതുമായിരിക്കണം. കാന്റീനിൽ തയ്യാറാക്കുന്ന ഭക്ഷണങ്ങളിൽ വൈവിധ്യം ഉണ്ടായിരിക്കണം.

16. അടുക്കളയിൽ ജോലി ചെയ്യുന്ന ജീവനക്കാർ വ്യക്തി ശുചിത്വം പാലിക്കേണ്ടതും, പകർച്ചവ്യാധികൾ ഇല്ലാത്തവരും, ചെരുപ്പ് ഉപയോഗിക്കുന്നവരും, ഹെഡ് ക്യാപ് ഉപയോഗിക്കുന്നവരും ആയിരിക്കണം. പലഹാരങ്ങൾ കൊടുക്കുമ്പോൾ കവിണി ഉപയോഗിക്കേണ്ടതാണ്.

17. ജില്ലാ ജഡ്ജിന് കാന്റീൻ പ്രവർത്തനങ്ങളിൽ അതൃപ്തി തോന്നിയാൽ യാതൊരു നഷ്ടപരിഹാരവും നൽകാതെ തന്നെ കരാർ അവസാനിപ്പിക്കാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

18. സർക്കാർ സ്ഥാപനത്തോടനുബന്ധിച്ചുള്ള കാന്റീൻ നടത്തുന്നതിന് സിവിൽ സപ്ലൈസ് ഓഫീസിൽ നിന്നും സബ്സിഡി സാധനങ്ങൾക്കുള്ള പെർമിറ്റ് ലഭ്യമല്ല.

19. കോൺട്രാക്ട് ലഭിക്കുന്ന ആൾ നിയമാനുസരണം വേണ്ട ഫുഡ് സേഫ്റ്റി ലൈസൻസ്/രജിസ്ട്രേഷൻ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.

20. കാൻറീൻ ജീവനക്കാർക്ക് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

21. കാൻറീനിൽ ഉപയോഗിക്കുന്ന വെള്ളം ആറു മാസത്തിലൊരിക്കൽ പരിശോധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റിപ്പോർട്ട് വാങ്ങേണ്ടതും ആവശ്യപ്പെടുന്ന പക്ഷം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

22. ക്വട്ടേഷനിൽ ഉൾപ്പെടുത്താത്ത ഇനങ്ങൾ സ്പെഷ്യൽ ഐറ്റം എന്ന ഇനത്തിൽ ഉൾപ്പെടുത്തി വിൽക്കാവുന്നതാണ്. സ്പെഷ്യൽ ഐറ്റം പ്രത്യേകം ലിസ്റ്റ് തയ്യാറാക്കി കാന്റീനിൽ വില സഹിതം പ്രദർശിപ്പിക്കണം.

23. ക്വട്ടേഷനിലെ എല്ലാ ഇനങ്ങൾക്കും വില നിർബന്ധമായും ക്വോട്ട് ചെയ്തിരിക്കണം. അല്ലാത്തപക്ഷം ക്വട്ടേഷൻ പരിഗണിക്കുന്നതല്ല.

24. വ്യവസ്ഥകൾ തെറ്റിക്കുന്ന മുറയ്ക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതായിരിക്കും.

(ഒപ്പ്)
ജില്ലാ ജഡ്ജ്.

//ശരി പകർപ്പ്//

ഉത്തരവിൻ പ്രകാരം

ശിരസ്തദാർ.

# ജില്ലാ കോടതി, തൃശ്ശൂർ.

| | ഇനങ്ങൾ | | പൊതുവില | സ്റ്റാഫിന് |
|---|---|---|---|---|
| 1. | ഊൺ (മേൽത്തരം അരിയുടെ ചോറ്) (പ്ലേറ്റ്/ഇല) അച്ചാർ, തോരൻ, പപ്പടം, കൂട്ടുകറി/അവിയൽ, മീൻകറി, സാമ്പാർ/മോര്. | | ₹ | ₹ |
| 2. | ഊണിനു പുറമെ ബിരിയാണി/ നെയ് ചോറ് ലഭ്യമാക്കേണ്ടതാണ്. | | ₹ | ₹ |
| 3. | **പൊരിച്ചത്** | | | |
| | ബീഫ് ഫ്രൈ | 100 ഗ്രാം | ₹ | ₹ |
| | ചിക്കൻ ഫ്രൈ | 100 ഗ്രാം | ₹ | ₹ |
| | മീൻ (അയില, മത്തി) | 1 എണ്ണം | ₹ | ₹ |
| | ഓംലെറ്റ് | സിംഗിൾ | ₹ | ₹ |
| | ഓംലെറ്റ് | ഡബിൾ | ₹ | ₹ |
| 4. | **കറികൾ** | | | |
| | കടലക്കറി | 150 ഗ്രാം | ₹ | ₹ |
| | ഗ്രീൻപീസ് | 150 ഗ്രാം | ₹ | ₹ |
| | ബജി | 150 ഗ്രാം | ₹ | ₹ |
| | മീൻ കറി | 200 ഗ്രാം | ₹ | ₹ |
| | ചിക്കൻ കറി | 200 ഗ്രാം | ₹ | ₹ |
| | മുട്ടക്കറി | 200 ഗ്രാം | ₹ | ₹ |
| | ബീഫ് കറി | 200 ഗ്രാം | ₹ | ₹ |
| 5. | **ബിരിയാണികൾ** | | | |
| | ചിക്കൻ ബിരിയാണി | 300 ഗ്രാം | ₹ | ₹ |
| | വെജിറ്റബിൾ ബിരിയാണി | 300 ഗ്രാം | ₹ | ₹ |
| 6. | **ബ്രേക്ക് ഫാസ്റ്റ്** | | | |
| | ദോശ (ചട്നി/സാമ്പാർ) | 75 ഗ്രാം വീതം (3 എണ്ണം) | ₹ | ₹ |
| | പുട്ട് | 150 ഗ്രാം | ₹ | ₹ |
| | ഇഡ്ഡലി (ചട്നി/സാമ്പാർ) | 150 ഗ്രാം വീതം (3 എണ്ണം) | ₹ | ₹ |
| | പൂരി | 150 ഗ്രാം വീതം | ₹ | ₹ |
| | ചപ്പാത്തി | 150 ഗ്രാം വീതം | ₹ | ₹ |
| | പെറോട്ട | 150 ഗ്രാം വീതം | ₹ | ₹ |
| | വെള്ളയപ്പം | 150 ഗ്രാം വീതം | ₹ | ₹ |

| | ഇനങ്ങൾ | | പൊതുവില | സ്റ്റാഫിന് |
|---|---|---|---|---|
| 7. | ഹോട്ട് ഡ്രിങ്ക്സ് | | | |
| | കാപ്പി (ഓർഡിനറി | 150 മി.ലി. ഗ്ലാസ്സ് | ₹ | ₹ |
| | ചായ | 150 മി.ലി. ഗ്ലാസ്സ് | ₹ | ₹ |
| | ചായ (പൊടി ചായ) | 150 മി.ലി. ഗ്ലാസ്സ് | ₹ | ₹ |
| 8. | സ്നാക്ക്സ് | | | |
| | ഉഴുന്നു വട | 75 ഗ്രാം | ₹ | ₹ |
| | പഴം പൊരി | 100 ഗ്രാം | ₹ | ₹ |
| | ബോണ്ട | 100 ഗ്രാം | ₹ | ₹ |
| | പരിപ്പുവട | 100 ഗ്രാം | ₹ | ₹ |
| | ഉള്ളിവട | 100 ഗ്രാം | ₹ | ₹ |
| | പക്കവട | 100 ഗ്രാം | ₹ | ₹ |
| | കേക്ക് (റവ/പാൽ കേക്ക്) | 100 ഗ്രാം | ₹ | ₹ |
| | ഇല അട | 100 ഗ്രാം | ₹ | ₹ |
| | കൊഴുക്കട്ട | 100 ഗ്രാം | ₹ | ₹ |
| 9. | കട്ട് ലറ്റ് | | | |
| | വെജിറ്റബിൾ | 100 ഗ്രാം | ₹ | ₹ |
| | ചിക്കൻ | 100 ഗ്രാം | ₹ | ₹ |
| 10. | പഫ്സ് | | | |
| | മുട്ട | 150 ഗ്രാം | ₹ | ₹ |
| | വെജിറ്റബിൾ സ്വീറ്റ് | 150 ഗ്രാം | ₹ | ₹ |
| 11. | കപ്പ | 1 പ്ലേറ്റ് | ₹ | ₹ |

(ഒപ്പ്)
ജില്ലാ ജഡ്ജ്.

//ശരി പകർപ്പ്//

ഉത്തരവിൻ പ്രകാരം

ശിരസ്തദാർ.